**കേരള പോലീസ്**

**ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം**
**മലപ്പുറം. PIN: 676505**


Phone No. 0483 2734992
email : dyspmpm.pol@kerala.gov.in


No.43/CMO/SDOM/2026
Date: 29.04.2026

സാർ,

വിഷയം : താങ്കൾ ബഹുമാനപ്പെട്ട കേരള സംസ്ഥാന മുഖ്യമന്ത്രി മുമ്പാകെ സമർപ്പിച്ച പരാതി സംബന്ധിച്ച്.

സൂചന : No. G3(d) - 43998/2026/MM Dtd. 27.04.2026

---

മേൽ വിഷയത്തിലേക്കും സൂചനയിലേക്കും ശ്രദ്ധ ക്ഷണിക്കുന്നു. മലപ്പുറം ജില്ലയിൽ വള്ളുവമ്പ്രം അത്താണിക്കൽ എന്ന സ്ഥലത്തായുള്ള I-CEEDS (Innovation Council for Exquisite Education and Developement of Skills) എന്ന സ്ഥാപനത്തിന്റെ പ്രവർത്തന അനുമതികളും അംഗീകാരവും സംബന്ധിച്ച് താങ്കൾ ബഹുമാനപ്പെട്ട കേരള മുഖ്യമന്ത്രി മുമ്പാകെ നൽകിയ പരാതി സൂചന പ്രകാരം ഈ കാര്യാലയത്തിലേക്ക് അയച്ചു കിട്ടിയിട്ടുള്ളതാണ്.

പരാതിക്കാര്യത്തിൽ താങ്കളുടേയും എതിർ കക്ഷിയുടേയും മൊഴികൾ രേഖപ്പെടുത്തിയും, എതിർകക്ഷി ഹാജരാക്കിത്തന്ന രേഖകൾ പരിശോധിച്ചും അന്വേഷണം നടത്തിയിട്ടുള്ളതാണ്. ഇന്ത്യൻ ട്രസ്റ്റ് ആക്ട് 1882 പ്രകാരം രജിസ്ട്രേഷൻ നമ്പർ 60/IV/2023 തിയ്യതി 17.04.2023 പ്രകാരം പെരുമ്പാവൂർ രജിസ്ട്രാർ ഓഫീസിൽ സ്ഥാപനം രജിസ്റ്റർ ചെയ്തതായും, കേന്ദ്ര ഗവൺമെന്റിന്റെ നൈപുണ്യ വികസന സ്വയംസംരഭകത്വ മന്ത്രാലയത്തിന് കീഴിലുള്ള NSDC (National Skill Developement Corporation)യുടെ വിവിധ Skill Sector കളിൽ ഉള്ള കോഴ്സുകളിൽ പരിശിലനം നടത്തി സർട്ടിഫിക്കറ്റുകൾ നൽകുന്നതിന് 24.03.2025 തിയ്യതി മുതൽ 24.03.2027 തിയ്യതി വരെയുള്ള Serial No. 2006 Dated. 24.03.2025 പ്രകാരമുള്ള അംഗീകാരപത്രം NSDC യുടെ അംഗീകൃത പരിശിലന പങ്കാളിയായ Vemosa Skills Private Limited ൽ നിന്നും I-CEEDS ന് അനുവദിച്ചതായും, ടി സ്ഥാപനത്തിൽ പരിശീലനം പൂർത്തിയാക്കിയവർക്ക് എംബസി അറ്റസ്റ്റേഷൻ ലഭിച്ചിട്ടുള്ളതായും, സ്ഥാപനത്തിന് Education Consultancy, Private Training Centre, Tutorial Center എന്നിവ നടത്തുന്നതിന് പൂക്കോട്ടൂർ ഗ്രാമ പഞ്ചായത്തിൽ നിന്നും License No. BFIF01-G100604-00040-2026 പ്രകാരം 18.03.2026 മുതൽ 17.03.2028 വരെ പ്രാബല്യമുള്ള Certificate of Enterprises License ലഭിച്ചിട്ടുള്ളതായും, സ്ഥാപനത്തിന് EGAC, EIAC, Euro UK Accreditation, US ISO Certification എന്നീ അന്താരാഷ്ട്ര ISO Accreditation കൾ ലഭിച്ചതായും, FICS UK യുടെ അംഗീകൃത പഠന കേന്ദ്രം കൂടിയാണ് I-CEEDS എന്നും, കേന്ദ്ര ഗവൺമെന്റിന്റെ നീതി ആയോഗിൽ Darpan ID KL/2023/0348375 Dated. 27.11.2023 പ്രകാരമുള്ള രജിസ്ട്രേഡ് NGO കൂടിയാണ് പ്രസ്തുത സ്ഥാപനമെന്നും എതിർകക്ഷി ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ നിന്നും പ്രത്യക്ഷത്തിൽ ബോധ്യപ്പെടുന്നതായി ഇതിനാൽ താങ്കളെ അറിയിക്കുന്നു.

വിശ്വസ്തതയോടെ.,

സുഭാഷ് ബാബു.കെ.സി,
ഡെപ്യൂട്ടി പൊലീസ് സൂപ്രണ്ട്,
മലപ്പുറം. തിയ്യതി 29.04.2026.

DY. SUPDT. OF POLICE
MALAPPURAM
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം
മലപ്പുറം - 676 505